*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

187th Issue - Volume 5, No. 21 **ജാഗ്രത** 3rd June 2011

"സത്യമായി ഞാൻ നിങ്ങളോട് പറയുന്നു: നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും; നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും ".

(മത്തായി18 :18)




## പ്രധാന വാർത്തകൾ

മാർ ആലഞ്ചേരി സഭയ്ക്കു ലഭിച്ച ദൈവികസമ്മാനം: മാർപാപ്പ

---

നിസംഗത ഉണ്ടാക്കുന്ന പ്രതിസന്ധി നവസുവിശേഷവത്ക്കരണത്തിന്റെ ആവശ്യം വ്യക്തമാക്കുന്നു; മാർപ്പാപ്പ

---

വ്യത്യസ്ത ശൈലികളെ സമന്വയിപ്പിക്കാൻ ശ്രമിക്കും: മാർ ജോർജ് ആലഞ്ചേരി

---

മിഷനറിമാർ അതിരൂപതയുടെ വലിയ സമ്പത്ത്: മാർ ജോസഫ് പെരുന്തോട്ടം

---

സമൂഹത്തിൽ സ്ത്രീകൾക്കു സുരക്ഷിതത്വമില്ല: മാർ ജോർജ് വലിയമറ്റം

---

സാമുദായിക ഐക്യത്തിനു ശ്രമം വേണം: മാർ ക്ലീമിസ് ബാവ

---

പ്രസിഡന്റ് സ്ഥാനാർത്ഥികൾ കുടുംബത്തോടുള്ള നിലപാടു വ്യക്തമാക്കണം; പെറുവിലെ മെത്രാൻ

---

കത്തോലിക്കാസഭക്ക് എയ്ഡ്സ് രോഗികളെ പരിചരിക്കാനായി 1,17,000 കേന്ദ്രങ്ങൾ

---

## വാരാന്ത്യവീക്ഷണം

ചരിത്രത്തെ തെറ്റിദ്ധാരണകളും പ്രത്യയശാസ്ത്രവും മൂടുമ്പോൾ

**Commission Chairman**
Bp. Mar Thomas Chakiath

**Vice Chairmen**
Bp. Joshua Mar Ignathios
Bp. Dr. Vincent Samuel

**Commission Secretary**
Fr. Philip Nelpuraparambil

## മാർ ആലഞ്ചേരി സഭയ്ക്കു ലഭിച്ച ദൈവികസമ്മാനം: മാർപാപ്പ

---

സീറോ മലബാർ സഭയ്ക്കു ലഭിച്ച ദൈവിക സമ്മാനമാണു മാർ ജോർജ് ആലഞ്ചേരിയെന്നു ബനഡിക്ട് പതിനാറാമൻ മാർപാപ്പ സന്ദേശത്തിൽ പറഞ്ഞു. സഭാ മക്കളെ ക്രിസ്തുവിൽ ഒന്നിപ്പിക്കാൻ നമുക്കു പുതിയ മേജർ ആർച്ച്ബിഷപ്പിനെ ലഭിച്ചിരിക്കുന്നു. ഇതിനു നമുക്കു ദൈവത്തിനു നന്ദി പറയേണ്ട നിമിഷങ്ങളാ ണിത്. മഹത്തായ പൈതൃകമുള്ള സീറോ മലബാർ സഭയെ സംബന്ധിച്ച് ഇതു ചരിത്ര നിമിഷമാണ്. സഭയെ ധീരമായി നയിച്ചു കടന്നുപോയ വർക്കി വിതയത്തിൽ പിതാവിനെപ്പോലെ സീറോ മലബാർ സമൂഹത്തെ മുഴുവൻ സ്നേഹത്തിലും കൂട്ടായ്മയിലും മുന്നോട്ടു നയിക്കാൻ ആലഞ്ചേരി പിതാവിനു കഴിയട്ടെ. സീറോ മലബാർ സഭാംഗങ്ങൾക്കു മുഴുവൻ എന്റെ സഹോദര തുല്യമായ ആശംസകൾ ഞാൻ നേരുന്നു തോമ്മാശ്ലീഹായുടെ മാധ്യസ്ഥ്യം സഭയുടെ എല്ലാ പ്രവർത്തനങ്ങളിലുമുണ്ടാവട്ടെയെന്നു ഞാൻ പ്രാർഥിക്കുന്നു. സഭയുടെ വളർച്ചയ്ക്കു യോജിക്കുന്ന തരത്തിൽ പുതിയ മേജർ ആർച്ച്ബിഷപ്പിനെ അഭിനന്ദിക്കുന്നു - മേജർ ആർച്ച്ബിഷപ്പിന്റെ തെരഞ്ഞെടുപ്പു സ്ഥിരീകരിച്ചു കൊണ്ടും അപ്പസ്തോലിക ആശീർവാദം നൽകി ക്കൊണ്ടും തന്റെ കൈയൊപ്പോടെ മാർ ആലഞ്ചേരിക്ക് അയച്ച സന്ദേശത്തിൽ പരിശുദ്ധ പിതാവ് പറഞ്ഞു.

## നിസംഗത ഉണ്ടാക്കുന്ന പ്രതിസന്ധി നവസുവിശേഷവത്ക്കരണത്തിന്റെ ആവശ്യം വ്യക്തമാക്കുന്നു; മാർപ്പാപ്പ

---

സുവിശേഷ സന്ദേശത്തോട് വിരുദ്ധമായ മനോഭാവങ്ങൾ വളർന്നു വരുന്ന ലോകത്തിൽ ആധുനിക സമൂഹത്തെ സുവിശേഷവത്ക്കരിക്കുക അത്യാവശ്യമാണെന്ന് പരിശുദ്ധപിതാവ് ബനഡിക്റ്റ് 16-ാമൻ മാർപ്പാപ്പ വ്യക്തമാക്കി. ദൈവത്തെ ജനജീവിതത്തിൽ നിന്നും മാറ്റി നിർത്തുന്നതും ക്രൈസ്തവ വിശ്വാസത്തോടെ പൊതുവിൽ നിസംഗത പുലർത്തുന്നതും ക്രൈസ്തവ വിശ്വാസത്തെ പാർശ്വവൽക്കരിക്കുകപോലും ചെയ്യുന്ന ഒരു പ്രത്യേക പ്രതിസന്ധിയിലൂടെയാണ് നമ്മൾ കടന്നുപോകുന്നത് . നവസുവിശേഷ വൽക്കരണത്തിനുള്ള പൊന്തിഫിക്കൽ കൗൺസിലിന്റെ അഗംങ്ങളുടെ 2012 ലെ സിനഡിന് ഒരുക്കമായുള്ള സമ്മേളനത്തിലാണ് പരിശുദ്ധപിതാവ് ഇതു വ്യക്തമാക്കിയത്

“നവസുവിശേഷവത്ക്കരണം എന്ന പദപ്രയോഗം പുതിയ രീതിയിലുള്ള സുവിശേഷവത്ക്കരണത്തിന്റെ ആവശ്യത്തെ അനുസ്മരിപ്പിക്കുന്നു. പ്രത്യകിച്ചും സെക്കുലറിസത്തിന്റ വളർച്ച പരമ്പരാഗതക്രൈസ്തവ രാജ്യങ്ങളിൽ പോലും വിശ്വാസജീവി സുവിശേഷവത്ക്കരണം അത്യവശ്യമാണ്. ഈശോയെ ഏകലോകരക്ഷകനായി പ്രഖ്യാപിക്കുക എന്നത് പണ്ടെന്നത്തേക്കാളുമേറെ സങ്കീർണ്ണമാണ്. പക്ഷേ നമ്മുടെ ദൗത്യം ചരിത്രത്തിന്റെ ആദ്യഘട്ടത്തിൽ എന്നതുപോലെ ഇന്നും തുടരുന്നു”മാർപ്പാപ്പ വിശദീകരിച്ചു.

## വ്യത്യസ്ത ശൈലികളെ സമന്വയിപ്പിക്കാൻ ശ്രമിക്കും: മാർ ജോർജ് ആലഞ്ചേരി

---



സഭയിലെ വ്യത്യസ്ത അഭിപ്രായങ്ങളെയും ശൈലികളെയും സമന്വയിപ്പിച്ചു മുന്നോട്ടുപോകാൻ പരിശ്രമിക്കുമെന്നു സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ് മാർ ജോർജ് ആലഞ്ചേരി. സ്ഥാനാരോഹണത്തിനു ശേഷം അർപ്പിച്ച ദിവ്യബലിയിൽ സന്ദേശം നൽകുകയായിരുന്നു അദ്ദേഹം. സഭയിലെ ഓരോ പിതാവിനും വ്യത്യസ്ത അഭിപ്രായങ്ങളും നിരീക്ഷണങ്ങളുമുണ്ട്. ഇവയെ ഏകോപിപ്പിച്ചു കൊണ്ടുപോകേണ്ടത് എന്റെ ഉത്തരവാദിത്വമാണെന്നു ഞാൻ വിശ്വസിക്കുന്നു. തോമാശ്ലീഹായുടെ പാരമ്പര്യം പേറുന്ന സഭയാണു നമ്മുടേത്. എന്റെ കർത്താവേ എന്റെ ദൈവമേ എന്നേറ്റുപറഞ്ഞ തോമാശ്ലീഹായുടെ വിശ്വാസ പ്രഖ്യാപനം നമുക്കെല്ലാം പ്രചോദനമാകേണ്ടതാണ്. തോമാശ്ലീഹാ യുടെ ഈ ഏറ്റുപറച്ചിലിനു പകരം വയ്ക്കാൻ മറ്റൊരു വിശ്വാസ സാക്ഷ്യമില്ല. ഈ സാക്ഷ്യത്തിന്റെ വഴികൾ പൂർണമായി ഉൾക്കൊണ്ടു മുന്നോട്ടു പോകേണ്ട വരാണു നമ്മൾ. സത്യവും സ്നേഹവുമാണു ദൈവം. ദൈവം കാണിച്ചുതരുന്ന വഴിയിലൂടെ നടക്കുന്ന നമ്മെ സംബന്ധിച്ചു സ്നേഹ വും കാരുണ്യവും സുതാര്യതയുമെല്ലാം മുറുകെ പ്പിടിക്കേണ്ടതുണ്ട് ത്രിത്വത്തിലുള്ള സ്നേഹക്കൂട്ടായ്മ നമുക്കു പ്രചോദനമാകണം. സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ് എന്ന പദവി ഏറ്റെടുക്കാൻ സിനഡിനു മുമ്പാകെ ഞാൻ സമ്മതം പറയുമ്പോൾ എനിക്ക് ആശങ്കയുണ്ടായിരുന്നു. പൂങ്കാവനത്തിൽ പ്രാർഥിച്ചു കൊണ്ടിരുന്നപ്പോൾ ശക്തിപ്പെടുത്തിയ ദൈവ

ദൂതനെപ്പോലെ ഇക്കാര്യത്തിൽ എന്നെ ശക്തിപ്പെടുത്തുന്നതിൽ തൂങ്കുഴി പിതാവ് പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. ഈശ്വരൻ നൽകുന്ന ഐശ്വര്യവും അനുഗ്രഹവും എന്റെ മുൻഗാമികളുടെ മാധ്യസ്ഥവും നമ്മുടെ സഭയ്ക്ക് എന്നുമുണ്ടാകുമെന്നും മാർ ആലഞ്ചേരി കൂട്ടിച്ചേർത്തു. തക്കല രൂപതയിൽ നിന്നെത്തിയ സഭാംഗങ്ങൾക്കായി തമിഴിൽ മാർ ആലഞ്ചേരി അഞ്ചു മിനിറ്റോളം പ്രസംഗിച്ചതു ശ്രദ്ധേയമായി.

**മിഷനറിമാർ അതിരൂപതയുടെ വലിയ സമ്പത്ത്: മാർ ജോസഫ് പെരുന്തോട്ടം**

---



ചങ്ങനാശേരി അതിരൂപത മിഷണറിമാരിൽ അഭിമാനം കൊള്ളുന്നു വെന്നും അവർ സഭയുടെവലിയ സമ്പത്താണെന്നും ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടം. ചങ്ങനാശേരി അതിരൂപതയുടെ പ്രേഷിത ആഭിമുഖ്യത്തിന്റെ ഉദാത്തമായ തെളിവാണ് തക്കല രൂപതയെന്നും മാർ ജോസഫ് പെരുന്തോട്ടം അഭിപ്രായപ്പെട്ടു. അതിരൂപതയുടെ ശതോത്തര രജത ജൂബിലിയോടനുബന്ധിച്ചുള്ള മിഷനറി സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അതി രൂപതയിൽ നിന്നുള്ള മിഷണറി മെത്രാൻ മാർ ജോർജ് ആലഞ്ചേരി സീറോ മലബാർ സഭയുടെ തലവനായി തെരഞ്ഞെടുക്കപ്പെട്ടത് മിഷനറി സംഗമത്തിന്റെ സന്തോഷം വർധിപ്പിക്കു ന്നതായി അനുഗ്രഹപ്രഭാഷണം നടത്തിയ ആർച്ച് ബിഷപ് മാർ ജോസഫ് പവ്വത്തിൽ അഭിപ്രായപ്പെട്ടു. മാർ തോമസ് തുരുത്തിമറ്റം തീക്ഷ്ണതയുള്ള മിഷനറിമാരുടെ കുറവാണ് മിഷൻ രംഗ ത്തെ ഏറ്റവും വലിയ വെല്ലുവിളിയെന്നും അഭിപ്രായപ്പെട്ടു.

**സമൂഹത്തിൽ സ്ത്രീകൾക്കു സുരക്ഷിതത്വമില്ല: മാർ ജോർജ് വലിയമറ്റം**

---



സ്ത്രീ ശാക്തീകരണത്തെക്കുറിച്ച് നാം പറയുമെങ്കിലും ഇന്നും സ്ത്രീകൾക്ക്ഒറ്റയ്ക്കു പുറത്തിറങ്ങാൻ പറ്റാത്ത അവസ്ഥയാണുള്ളതെന്ന് തലശേരി അതിരൂപത ആർച്ച്ബിഷപ് മാർ ജോർജ് വലിയമറ്റം. കെസിവൈഎമ്മിന്റെ ആഭിമുഖ്യത്തിൽ ക്രിസ്തീയ യുവത്വം വിശ്വസാഹോദര്യത്തിന് എന്ന മുദ്രാവാക്യമുയർത്തി സംഘടിപ്പിച്ച സംസ്ഥാന വനിതാ കൺവൻ ഷൻ പ്രചോദിനി-2011 തലശേരി സന്ദേശ് ഭവൻ ഓഡി റ്റോറിയത്തിൽ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കു കയായിരുന്നു അദ്ദേഹം. പല വിദേശ രാജ്യങ്ങളിലും സ്ത്രീകൾക്ക് ഏതു രാത്രിയിലും ഒറ്റയ്ക്കു നടക്കാം. എന്നാൽ സദാചാരം പറയുന്ന നമ്മുടെ നാട്ടിൽ പകൽ പോലും യുവതികൾക്കു തനിച്ച് പുറത്തിറങ്ങാൻ പറ്റാത്ത അവസ്ഥയുണ്ട്. സ്ത്രീയുടെ മഹത്വം മനസിലാക്കി സ്ത്രീകളെ ബഹുമാനിക്കുന്ന അവസ്ഥയുണ്ടാകണം. സ്ത്രീവംശത്തെ അപമാനിക്കുന്നത് പലപ്പോഴും സ്ത്രീകൾ തന്നെയാണ്- ആർച്ച്ബിഷപ് പറഞ്ഞു.

**സാമുദായിക ഐക്യത്തിനു ശ്രമം വേണം: മാർ ക്ലീമിസ് ബാവ**

---



വർഗീയത ഉൾപ്പെടെയുള്ള സാമൂഹിക പ്രശ്നങ്ങൾക്കെതിരേശക്തമായ നിലപാടെടുക്കാൻ മാർ ജോർജ് ആലഞ്ചേരിക്കു കഴിയണമെന്നു മലങ്കര കത്തോലിക്ക സഭാ മേജർ ആർച്ച്ബിഷപ് ബസേലിയോസ് മാർ ക്ലീമിസ് കാതോലിക്ക ബാവ പറഞ്ഞു. മാർ ആലഞ്ചേരിയുടെ സ്ഥാനാരോഹണ ശുശ്രൂഷകളിൽ പങ്കെടുത്ത് ആശംസകൾ അർപ്പിക്കുകയായിരുന്നു അദ്ദേഹം. സഭാംഗങ്ങൾക്കു പരസ്പരമുള്ള ഐക്യവും സ്നേഹവും മറ്റു മതസ്ഥരോടും പുലർത്താൻ നമുക്ക് ഉത്തരവാദിത്വമുണ്ട്. സഭയിലെന്ന പോലെ സമൂഹത്തിലും നന്മയുടെ സന്ദേശം പ്രചരിപ്പിക്കണം. വ്യത്യസ്ത ചിന്താധാരകളെ കുർബാനയുടെ കൂട്ടായ്മയിൽ ഐക്യപ്പെടുത്താൻ നമുക്കാവണം. അദ്ദേഹം പറഞ്ഞുലോകമെങ്ങും പ്രേഷിതരുള്ള സഭയാണു സീറോ മലബാർ. സഭയ്ക്കു യോജിച്ച ഇടയനെയാണു ലഭിച്ചിരിക്കുന്നത് അദ്ദേഹം പറഞ്ഞു. ഈ ഉത്തരവാദിത്വം നിർമലവും വിശുദ്ധവുമായി നിറവേറ്റാൻ മാർ ആലഞ്ചേരിക്കു കഴിയും. തോമാശ്ലീഹായുടെ പൈതൃകമുള്ള സീറോ മലബാർ സഭയിൽ മാത്രമല്ല, ക്രൈസ്തവസമൂഹം മുഴുവനിലും സ്നേഹത്തിന്റെയും ഐക്യത്തിന്റെയും ശുശ്രൂഷ ചെയ്യാൻ മാർ ആലഞ്ചേരിക്കു ദൗത്യമുണ്ടെന്നും കാതോലിക്ക ബാവ പറഞ്ഞു

**പ്രസിഡന്റ് സ്ഥാനാർത്ഥികൾ കുടുംബത്തോടുള്ള നിലപാടു വ്യക്തമാക്കണം; പെറുവിലെ മെത്രാൻ**

---

പെറുവിൽ വരുന്ന ദിവസങ്ങളിൽ നടക്കുന്ന പ്രസിഡന്റ് തെരഞ്ഞടുപ്പിലെ രണ്ടു സ്ഥാനാർത്ഥികളും തങ്ങൾക്ക് കുടുംബത്തെ സംബന്ധിച്ചും ജീവനെ

സംബന്ധിച്ചും ഉള്ള നിലപാടു വ്യക്തമാക്കണമെന്ന് ആർച്ചുബിഷപ്പ് ജോസ് അന്തോണിയോ എഗുരേൻ ആവശ്യപ്പെട്ടു. പെറുവിലെ കത്തോലിക്കാ മെത്രാൻ സംഘത്തിന്റെ ഫാമിലി കമ്മീഷൻ അദ്ധ്യക്ഷനാണ് ആർച്ചുബിഷപ്പ് ജോസ് അന്തോണിയോ

കുടുംബത്തെക്കുറിച്ചും ജീവനെക്കുറിച്ചുമുള്ള നിലപാടു സുപ്രധാനമാണ്. ചിലർ വിമർശിക്കുന്നതു പോലെ ഇതു രണ്ടും കേവലം മതപരമായകാര്യമല്ല. മനുഷ്യവംശത്തിന്റെ തന്നെ പ്രശ്നമാണ് അദ്ദേഹം വ്യക്തമാക്കി. പെറുവിയൻ പത്രമായ എൽ കൊമേഴ്സിയോ യിൽ എഴുതിയ ലേഖനത്തിലാണ് പ്രസിഡൻറ് സ്ഥാനാർത്ഥികൾ തങ്ങളുടെ നിലപാടു വ്യക്തമാക്കണമെന്ന് ആർച്ചുബിഷപ്പ് ആവശ്യപ്പെട്ടത്.

**കത്തോലിക്കാസഭക്ക് എയ്ഡ്സ് രോഗികളെ പരിചരിക്കാനായി 1,17,000 കേന്ദ്രങ്ങൾ**

---

കത്തോലിക്കാസഭ 1,17,000 കേന്ദ്രങ്ങൾ എയ്ഡ്സ് രോഗികളെ പരിചരിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനുമായി ആസൂത്രണം ചെയ്തു നടപ്പാക്കുന്നുവെന്ന് ആരോഗ്യരക്ഷക്കായുള്ള വത്തിക്കാൻ കാര്യാലയത്തിന്റെ തലവൻ പ്രസ്താവിച്ചു. ആർച്ചുബിഷപ്പ് സൈഗ്മുന്ത് സിമോസ്കിയാണ് ഇക്കാര്യം വ്യക്തമാക്കിയത്

കഴിഞ്ഞ 30 വർഷങ്ങളിൽ ആറുകോടിയിലധികം പേർക്ക് എയ്ഡ്സ് അണുബാധ ഉണ്ടായിട്ടുണ്ട്. അതിൽ താരതമ്യേന കുടുതൽ രോഗികൾ ആഫ്രിക്കൻ രാജ്യങ്ങളിലാണ്.

2008 ൽ ലോകത്താകമാനം എയ്ഡ്സ് രോഗികളെ പരിശോധിക്കാനുള്ള കേന്ദ്രങ്ങളിൽ 27%വും കത്തോലിക്കാസഭയുടേതായിരുന്നു. 11% മറ്റു സംഘടനകൾ നടത്തുമ്പോൾ 8% മാണ് അകത്തോലിക്കരും മറ്റു മതവിശ്വാസികളും ചേർന്നു നടത്തുന്നത്.

**ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ അഖണ്ഡ ബൈബിൾ പാരായണം:**

---

കേരളസഭയുടെ ബൈബിൾ വാരാചരണത്തോടനുബന്ധിച്ച് കേരള കത്തോലിക്കാ മെത്രാൻ സംഘത്തിന്റെ ആസ്ഥാനമായ പി.ഒ.സി.യിൽ കെ.സി.ബ.സി. ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ അഖണ്ഡ ബൈബിൾ പാരായണയജ്ഞം നടക്കുന്നു. ജൂൺ 13-ാം തീയതി രാവിലേ 10 മണിക്ക് സീറോമലബാർ സഭയുടെ ശ്രേഷ്ഠ മെത്രാപ്പോലീത്ത മാർ ജോർജ് ആലഞ്ചേരി പിതാവ് ഈ മഹായജ്ഞം ഉദ്ഘാടനം ചെയ്യും. ബൈബിൾ കമ്മീഷൻ ചെയർമാൻ മാർ ജോർജ് പുന്നക്കോട്ടിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന ഉദ്ഘാടനസമ്മേളനത്തിൽ കൊച്ചിൻ കോർപ്പറേഷൻ മേയർ ശ്രീ.ടോണി ചമ്മണിയും പ്രമുഖ രാഷ്ട്രീയ-സാംസ്കാരിക നേതാക്കളും സംബന്ധിക്കും.

ദൈവവചനത്തെ അധികരിച്ച് 2008 ഒക്ടോബർ 5-ാം തീയതി ആരംഭിച്ച മെത്രാൻ സിനഡിനോടനുബന്ധിച്ച് ഒരു അഖണ്ഡ ബൈബിൾ പാരായണം റോമിൽ സംഘടിപ്പിക്കപ്പെടുകയുണ്ടായി. മാർപാപ്പയാണ് ആദ്യത്തെ വായന നടത്തിയത്. ഏഴുപകലും ആറു രാത്രിയും നീണ്ട ആ ബൈബിൾ മാരത്തൺ ഇറ്റാലിയൻ ടെലിവിഷന്റെ സ്റ്റേറ്റ് ചാനലായ “റായി”യുടെ സാറ്റലൈറ്റ് ചാനൽ തൽസമയ സംപ്രേഷണം ചെയ്യുകയുണ്ടായി. ഇത്തരത്തിലുള്ള ബൈബിൾ തുടർവായനകൾ ലോകത്തിൽ പലയിടത്തും നടന്നിട്ടുണ്ട്. കൈരളിക്ക് ഇത്തരമൊരു ഇടതടവില്ലാത്ത തിരുവചനധാര നുകരാൻ ഇതുവരെ ഭാഗ്യമുണ്ടായിട്ടില്ല. ഈ പശ്ചാത്തലത്തിലാണ് ബൈബിൾ കമ്മീഷന്റെ അഭിമുഖ്യത്തിൽ അഖണ്ഡ ബൈബിൾ പാരായണം.

## വാരാന്ത്യവീക്ഷണം

### ചരിത്രത്തെ തെറ്റിദ്ധാരണകളും പ്രത്യയശാസ്ത്രവും മൂടുമ്പോൾ

പത്താംതരത്തിലെ സാമൂഹ്യശാസ്ത്ര പാഠപുസ്തകത്തിൽ മദ്ധ്യയുഗത്തെക്കുറിച്ചു പ്രതിപാദിക്കുമ്പോൾ ക്രൈസ്തവസഭകളെ പ്രത്യേകിച്ചും കത്തോലിക്കാസഭയെ അനാവശ്യമായി അധിക്ഷേപിക്കുന്നതു പൊതുശ്രദ്ധയിൽ വന്നു. മദ്ധ്യയുഗത്തെക്കുറിച്ചു ഇന്ത്യയിൽ പൊതുവിൽ കത്തോലിക്കാസഭക്കു വിരുദ്ധമായ ആശയപ്രചരണമാണു നടന്നിരിക്കുന്നത്. ബ്രിട്ടീഷ് ചരിത്രകാരന്മാർ പ്രത്യേകിച്ചും ആംഗ്ലിക്കൻ സഭയുടെ സ്വാധീനം കൊണ്ടാകാം ഈ ഒരു ആശയമാണ് നല്കുന്നതും. എന്നാൽ ഇരുപതാം നൂറ്റാണ്ടിന്റെ അന്തിമദശകങ്ങളിൽ ചരിത്രകാരന്മാർ നടത്തിയിട്ടുള്ള വിശദമായ പഠനങ്ങളും പുറത്തുവന്നിട്ടുള്ള രേഖകളും കത്തോലിക്കാസഭയുടെ മദ്ധ്യകാല ചരിത്രത്തെക്കുറിച്ച് ഒരു പുനർ വായനക്ക് കളമൊരുക്കിയിട്ടുണ്ട്.

കത്തോലിക്കാസഭയിൽ തീർച്ചയായും മാനുഷികമായിട്ടുള്ള തിന്മകൾ കടന്നുവന്നിട്ടുണ്ട്. അത് സഭ അംഗീകരിക്കുകയും ചെയ്യുന്നതാണ്. എന്നാൽ മദ്ധ്യകാലഘട്ടത്തെ തിന്മയുടെ കൂത്തരങ്ങായി ചിത്രീകരിക്കുന്നതും അതിന്റെ കാരണമായി കത്തോലിക്കാസഭയെ ചൂണ്ടികാണിക്കുന്നതും ചരിത്രത്തിനു നിരക്കാത്തതും അനീതിയുമാണ് എന്നാണ് പഠനങ്ങൾ കാണിക്കുന്നത്. സഭാംഗങ്ങളുടെ പിഴവുകൾ പർവ്വതീകരിക്കുകയും അതിന്റെ ഉത്തരവാദിത്വം എല്ലാം സഭയുടെ തലയിൽ കെട്ടിവയ്ക്കുകയും ചെയ്യുന്നതായിട്ടു കാണുന്നു. അത് അംഗീകരിക്കാനാവില്ല.

ഇവിടെ മതവിരുദ്ധത പ്രത്യയശാസ്ത്രമായി കൊണ്ടുനടക്കുന്നവർ മദ്ധ്യകാലഘട്ടങ്ങളിൽ ഉണ്ടായിരുന്ന യൂറോപ്പിലെ എല്ലാ സർവ്വകലാശാലകളും സഭയുടെ നിയന്ത്രണത്തിലും നേതൃത്വത്തിലും ആയിരുന്നുവെന്നതു വിസ്മരിക്കുന്നു. അറുപതു കത്തോലിക്കാ സർവ്വകലാശാലകളാണ് 1500 ൽ യൂറോപ്പിൽ ഉണ്ടായിരുന്നത്. അത് എല്ലാംകദ്രീഡ്രലുകൾ കേന്ദ്രീകരിച്ചും ആശ്രമങ്ങൾ കേന്ദ്രീകരിച്ചുമായിരുന്നു. ഓക്സ്ഫോർഡും, കേംബ്രിഡ്ജും, ബൊളോഞ്ഞയും, പാരീസും, സലാമാങ്കയും എല്ലാം ഇതിൽപ്പെടും. ഇവയെല്ലാം യാഥാർത്ഥ്യങ്ങളായിരിക്കെയാണ് കത്തോലിക്കാസഭ വിജ്ഞാനത്തിനു വിരോധമായ നിലപാടാണ് എടുത്തിരുന്നതെന്ന അബദ്ധം പാവപ്പെട്ട കുട്ടികളെ പാഠപുസ്തകത്തിലൂടെ പഠിപ്പിക്കുന്നത്. ഇതുപോലെ തന്നെയാണ് പാഠപുസ്തകത്തിലെ മറ്റു പല വിവരങ്ങളും.

പ്രത്യയശാസ്ത്രം തലക്കുപിടിച്ചവർ ചരിത്രയാഥാർത്ഥ്യങ്ങൾ വിസ്മരിക്കുന്നതും പുതിയ ചരിത്ര ഗവേഷണങ്ങൾ വായിക്കാത്തവർ പഴയ വ്യാഖ്യാനങ്ങളിൽ തലപൂഴ്ത്തുന്നതുമാണ് ചരിത്ര പാഠപുസ്തക രചനയിൽ കാണുന്നത്. യഥാർത്ഥ ചരിത്രം പൊതുസമൂഹത്തിനു മുമ്പിൽ എത്തിക്കാൻ സഭാംഗങ്ങൾക്കും ചരിത്രഗവേഷകർക്കും ഉള്ള കടമയും മറന്നുകൂട.

JAGRATHA News

**"Jagratha News"** - An internet news service is free and for private circulation

**Web:** www.kcbcsocialharmony.org

**Blog:** jagrathakcbc.blogspot.com

**Designed and Edited by** Fr. Philip Nelpuraparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA